## കുടുംബശ്രീ – സംഘടന

- **റിലേഷൻഷിപ്പ് കേരള**: വയോജന, ഭിന്നശേഷീ വിഭാഗങ്ങളുടെ മുഖ്യധാരാവത്ക്കരണം – 20,000 വയോജന അയൽക്കൂട്ടങ്ങൾ ഉൾപ്പെടെ പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിക്കും, ഈ വിഭാഗങ്ങൾക്കാവശ്യമായ സാമൂഹ്യ, സാമ്പത്തിക, ഉപജിവന, വൈകാരിക പിന്തുണകൾ ഉറപ്പാക്കുകയും ചെയ്യും. നാളിതുവരെ 36 ട്രാൻസ് ജെൻഡർ അയൽക്കൂട്ട ങ്ങൾ, 1,477 പിഡബ്ല്യൂഡി അയൽക്കൂട്ടങ്ങൾ, 5,445 വയോജന അയൽക്കൂട്ട ങ്ങൾ കുടുംബശ്രീയിൽ നിലവിലുണ്ട്.
- **e-Nest:** കുടുംബശ്രീയിൽ അഫിലിയേഷൻ ചെയ്തിട്ടുള്ള 43 ലക്ഷം അയൽക്കൂട്ട കുടുംബാംഗങ്ങളെയും ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ജിയോ ടാഗ് ചെയ്യുകയും കുടുംബാംഗങ്ങളുടെ വിവരങ്ങൾ കൂടി ശേഖരിച്ച് താഴേത്തട്ടിൽ നിന്നുള്ള സൂക്ഷ്മതല ആസൂത്രണം സമഗ്രമാക്കുകയും ചെയ്യും.
- **ഹരിത അയൽക്കൂട്ടങ്ങൾ**: ഓരോ സി.ഡി.എസ്. പ്രദേശത്ത് നിന്നും 10 അയൽക്കൂട്ടങ്ങളെ വീതം ഹരിത അയൽക്കൂട്ടങ്ങളാക്കി മാറ്റും. അയൽക്കൂട്ട പ്രദേശത്ത് ഹരിത ചട്ടം പാലിയ്ക്കുക, ഉത്തമ കാർഷിക രീതികൾ അവലംബിയ്ക്കുക, മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ നടപ്പിലാക്കുക, പകർച്ചവ്യാധികളെ സംബന്ധിച്ച് അറിവുണ്ടായിരിയ്ക്കുക, പ്രദേശത്തുള്ള പ്രകൃതിവിഭവങ്ങൾ പരിരക്ഷിയ്ക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന അയൽക്കൂട്ടങ്ങളെയായിരിക്കും ഹരിത അയൽക്കൂട്ടങ്ങളായി പ്രഖ്യാപിയ്ക്കുക.
- **തീരശ്രീ**: തീരദേശ സംഘടനാ സംവിധാനത്തിന്റെ ശാക്തീകരണം – തീരദേശ മേഖലയിലെ കുടുംബശ്രീ സംഘടനാ സംവിധനത്തിന്റെ സമഗ്രമായ നവീകര ണവും വ്യാപനവും ഉറപ്പുവരുത്തും. തീരദേശ മേഖലയിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം 15,000 (നിലവിൽ 11,342) ആയി ഉയർത്തുക, പുതുതായി 5,000 അയൽക്കൂട്ടങ്ങളെക്കൂടി ബാങ്ക് ലിങ്കേജ് പരിധിയിൽ കൊണ്ടു വരിക, പുതുതായി 1,000 (ഗ്രൂപ്പ്/വ്യക്തിഗത) സംരംഭങ്ങൾ ആരംഭിയ്ക്കുക, അർഹരായ യുവതീ യുവാക്കളെ ഡി.ഡി.യു.ജി.കെ.വൈ. പദ്ധതിയിൽ എൻറോൾ ചെയ്യുക, മുഴുവൻ അയൽക്കൂട്ടങ്ങളിലും സാമ്പത്തിക സാക്ഷരതാ പരിപാടി സംഘടിപ്പിക്കുക തുടങ്ങിയവയാണ് പ്രധാന പ്രവർത്തനങ്ങൾ.

- **സുസ്ഥിരം 2019:** സുസ്ഥിര സി.ഡി.എസ്. മാതൃക സൃഷ്ടിയ്ക്കുക – അംഗങ്ങളുടെ ഉടമസ്ഥതയിലുള്ള, അംഗങ്ങളാൽ നയിക്കുന്ന, അംഗങ്ങളാൽ നിയന്ത്രിക്കപ്പെടുന്ന മാതൃക സി.ഡി.എസ്സുകൾ സൃഷ്ടിക്കുക എന്നതാണ് ഈ പ്രവർത്തനത്തിന്റെ ലക്ഷ്യം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൂർണ്ണ പിന്തുണ ലഭിയ്ക്കുന്നതും മികച്ച പ്രവർത്തനം കാഴ്ചവെയ്ക്കുന്നതുമായ മൂന്ന് സി.ഡി.എസുകളെ വീതം ഓരോ ജില്ലയിൽ നിന്നും തിരഞ്ഞെടുത്ത് സ്വയം പ്രവർത്തന സജ്ജമായ സംഘടനാ സംവിധാനം രൂപീകരിയ്ക്കുന്നതിനായി ആവശ്യമായ പിന്തുണ നൽകും.
- **സമന്വയം 2019:** പങ്കാളിത്ത, സംയോജിത പദ്ധതി ആസൂത്രണത്തിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾ കുടുംബശ്രീയ്ക്കായി നീക്കിവെക്കുന്ന പദ്ധതി വിഹിതം 500 കോടിയായി ഉയർത്തുന്നതിന് ആവശ്യമായ ഇടപെടൽ നടത്തും. കുടുംബശ്രീ പദ്ധതി രൂപീകരണ പ്രക്രിയ അയൽക്കൂട്ടം മുതൽ സംസ്ഥാന മിഷൻ വരെ പങ്കാളിത്ത സ്വഭാവത്തിലാക്കും.
- **ദിശ 2019:** കുടുംബശ്രീ ത്രിതല സംഘടന സംവിധാനത്തിന്റെ പ്രവർത്തനങ്ങളെ ക്രമപ്പെടുത്തുക, ലക്ഷ്യബോധമുള്ളതാക്കുക, എ.ഡി.എസ്. സംവിധാനത്തെ ശക്തിപ്പെടുത്തുക, അഫിലിയേഷൻ, ഓഡിറ്റിംഗ് എന്നിവ ക്രമപ്പെടുത്തുക എന്നിവ ദിശ 2019 ക്യാമ്പെയിനിലൂടെ ലക്ഷ്യമിടുന്നു.
- **കുടുംബശ്രീ സ്കൂൾ:** കാലിക പ്രധാന്യമുള്ള വിഷയങ്ങൾ ഉൾപ്പെടുത്തി എല്ലാ അയൽക്കൂട്ടങ്ങളിലും 12 മണിക്കൂർ ചർച്ച (കുടുംബശ്രീ സ്കൂൾ) നട ത്തും. കഴിഞ്ഞ 2 സാമ്പത്തിക വർഷവും പ്രസ്തുത കുടുംബശ്രീ സ്കൂൾ വിജയകരമായി നടപ്പിലാക്കിയിരുന്നു.
- **അരങ്ങ് 2019:** കുടുംബശ്രീ അംഗങ്ങളുടെ കലാപരമായ ശേഷികളെ പരിപോഷിപ്പിയ്ക്കുന്നതിനായി കുടുംബശ്രീ വാർഷികത്തോടനുബന്ധിച്ച് അരങ്ങ് 2019 സംഘടിപ്പിക്കും. കുടുംബശ്രീ പ്രവർത്തനങ്ങളുടെ വിലയിരുത്തലും പുതിയ സാമ്പത്തിക വർഷത്തിലെ പ്രധാന പ്രവർത്തനങ്ങളുടെ അവതരണവുമാണ് വാർഷികത്തിന്റെ ലക്ഷ്യം.

## മൈക്രോ ഫൈനാൻസ്

- അർഹരായ എല്ലാ അയൽക്കൂട്ടങ്ങൾക്കും ബാങ്ക് ലിങ്കേജ് വായ്പ ലഭ്യമാക്കും. (2,89,438 അയൽക്കൂട്ടങ്ങളിൽ അർഹരായ 39,861 അയൽക്കൂട്ടങ്ങൾക്കാണ് ഇനിയും ബാങ്ക് ലിങ്കേജ് വായ്പ ലഭ്യമാക്കാനുള്ളത്. കഴിഞ്ഞ സാമ്പത്തിക വർഷം 1,03,211 അയൽക്കൂട്ടങ്ങൾക്കായി 4,132 കോടി രൂപയുടെ ബാങ്ക് വായ്പ ലഭ്യമാക്കിയിട്ടുണ്ട്).

- അയൽക്കൂട്ടങ്ങൾക്ക് 4% പലിശയ്ക്ക് ബാങ്ക് വായ്പ ലഭിക്കുന്ന രീതിയിൽ പലിശ സബ്സിഡി ലഭ്യമാക്കും. (കഴിഞ്ഞ സാമ്പത്തിക വർഷം 44,231 അയൽക്കൂട്ടങ്ങൾക്കായി 52.59 കോടി രൂപയുടെ പലിശ സബ്സിഡി വിതരണം ചെയ്തു).

- ലൈവ് ലിങ്കേജ് വായ്പയുള്ള എല്ലാ കുടുംബശ്രീ അംഗങ്ങൾക്കും ലൈഫ് ഇൻഷറൻസ് പരിരക്ഷ ഉറപ്പാക്കും (3.67 ലക്ഷം അയൽക്കുട്ടാംഗങ്ങൾക്ക് നിലവിൽ ലൈഫ് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കിയിട്ടുണ്ട്.

- കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങൾ വട്ടിപലിശക്കാരിൽ നിന്ന് അധിക പലിശയ്ക്ക് എടുത്തിട്ടുള്ള വായ്പകളെ ക്രമപ്പെടുത്തി ബാങ്കുകളുമായി ചർച്ച ചെയ്ത് പലിശ നിരക്ക് കുറഞ്ഞ വായ്പ ലഭ്യമാക്കും. (10,000 അയൽക്കൂട്ടങ്ങളിൽ സർവ്വേ നടത്തി അധിക വായ്പ എടുത്തിട്ടുള്ളവരെ കണ്ടെത്തിയിട്ടുണ്ട്).

- റിസർജന്റ് കേരള ലോൺ സ്കീം (RKLS) വഴി ലഭ്യമാക്കിയ വായ്പയുടെ പലിശ സബ്സിഡി തുക അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാക്കും. (21,365 അയൽക്കൂട്ടങ്ങൾക്കായി 1273 കോടി രൂപയും പലിശ രഹിത വായ്പയാണ് RKLS പദ്ധതി വഴി ലഭ്യമാക്കിയിട്ടുള്ളത്)

## മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം

- 2.29 ലക്ഷം ഗ്രാമീണ അയൽക്കൂട്ടങ്ങളുടെയും എല്ലാ മാസത്തേയും ട്രാൻസാക്ഷൻ ഡാറ്റ തുടർച്ചയായി ഡിജിറ്റലൈസേഷൻ നടത്തുക

**<u>നിലവിലെ സ്ഥിതിവിവരം</u>**

ആകെയുള്ള 2,29,907 ഗ്രാമീണ അയൽക്കൂട്ടങ്ങളിൽ 220291 (95.8%) അയൽക്കൂട്ടങ്ങളുടെ ഡാറ്റ ഡിജിറ്റലൈസ് ചെയ്തിരുന്നു. എന്നാൽ 34548 (15%) അയൽക്കൂട്ടങ്ങളുടെ ഡാറ്റയാണ് എല്ലാ മാസവും നിരന്തരമായി അപ്ഡേറ്റ് ചെയ്യപ്പെട്ടിരുന്നത്.

- **15928 ഗ്രാമീണ എഡിഎസുകളെ ഡിജിറ്റലൈസ് ചെയ്യുക**

**<u>നിലവിലെ സ്ഥിതിവിവരം</u>**

ഗ്രാമീണ എഡിഎസുകളെ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ എഡിഎസുകളുടെ സാമ്പത്തിക ക്രയ വിക്രയ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യുക എന്നതാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ ആദ്യ ഘട്ടമായി 15928 ഗ്രാമീണ എഡിഎസുകളിൽ 15404 എഡിഎസുകളുടെ പ്രൊഫൈൽ വിവരങ്ങൾ എൻആർഎൽഎം പോർട്ടലിൽ അപ്ലോഡ് ചെയ്തിരുന്നു.

# സൂക്ഷ്മ സംരംഭങ്ങൾ

1. **ഉപജീവന ക്യാമ്പെയിൻ വഴി ഒരു ലക്ഷത്തോളം കുടുംബങ്ങൾക്ക് തൊഴിൽ**

- എല്ലാ സിഡിഎസ്സുകളിലേയും സംരംഭങ്ങൾ തുടങ്ങാൻ താൽപര്യമുള്ള മുഴുവൻ ആളുകളെയും കണ്ടെത്തി പുതിയ സംരംഭങ്ങൾ രുപീകരിക്കുകയും ശരാശരി 8000–10000/– രൂപ മാസ വരുമാനം കിട്ടത്തക്ക രീതിയിൽ ഉപജീവന മാർഗ്ഗം നേടിക്കൊടുക്കുകയും ചെയ്യുക.

- പ്രത്യാശ പദ്ധതി വഴി ആശ്രയ, ട്രൈബൽ, ട്രാൻസ് ജെൻഡർ, മാനസിക, ശാരരീരിക വൈകല്യമുള്ളവർ, പ്രായമായവർ, കിടപ്പുരോഗികളുടെ ആശ്രിതർ തുടങ്ങി സമൂഹത്തിലെ അരക്ഷിതരായ വിഭാഗങ്ങളെ കണ്ടെത്തി താൽപര്യമുള്ള മേഖലകളിൽ പരിശീലനം നൽകി സംരംഭങ്ങൾ ആരംഭിക്കാൻ അവസരം നൽകും.

- തീരദേശ അയൽക്കൂട്ടാംഗങ്ങൾക്ക് സ്ഥിരവരുമാനം ഉറപ്പാക്കുന്നതിനായി തൊഴിൽ ഇല്ലാതെ, സംരംഭങ്ങൾ തുടങ്ങാൻ താൽപര്യമുള്ള മുഴുവൻ ആളുകളേയും കണ്ടെത്തി സംരംഭങ്ങൾ തുടങ്ങാൻ അവസരമം

- കുടുംബശ്രീക്കു കീഴിൽ 19535 സൂക്ഷ്മ സംരംഭങ്ങൾ വിവിധ ഉല്പാദന, സേവന, വ്യാപാര മേഖലകളിലായി പ്രവർത്തിച്ചു വരുന്നു. 275 സംരംഭങ്ങൾ പ്രത്യാശ പദ്ധതിയിലും 242 സംരംഭങ്ങൾ തീരദേശ എം.ഇ. പദ്ധതിയിലും 2018–19 വർഷത്തിൽ ആരംഭിച്ചിട്ടുണ്ട്.

2. **എറൈസ് നൈപുണ്യ പരിശീലനം**

- 50000 പേർക്ക് 10 മേഖലകളിലായി ഹ്രസ്വകാല വൈദഗ്ദ്ധ്യ പരിശീലനം നൽകി സ്വയംതൊഴിൽ ഉറപ്പുവരുത്തുകയും എല്ലാ സിഡിഎസ്സുകളിലും മൾട്ടി ടാസ്ക് ഫോഴ്സ് രുപീകരിക്കുകയുമാണ് ഈ പദ്ധതിയിലെ ലക്ഷ്യം.

- സംസ്ഥാനത്ത് പ്രളയക്കെടുതി മൂലം ഉപജീവന മാർഗ്ഗം നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് വരുമാന മാർഗ്ഗം കണ്ടെത്തുന്നതിന്റെ ഭാഗമായി

തൊഴിൽ ചെയ്യാൻ താൽപര്യമുള്ള ആളുകളെ കണ്ടെത്തി 10 മേഖല കളിൽ സൗജന്യ പരിശീലനം നൽകി വരുന്നു. പദ്ധതിയിൽ കുടും ബശ്രീ വനിതകൾക്കൊപ്പം കുടുംബാംഗങ്ങളായ പുരുഷന്മാരും ഉൾപ്പെടുന്നുണ്ട്.

- ഇതുവരെ 45000 ആളുകൾ രജിസ്റ്റർ ചെയ്യുകയും 7500 ആളുകൾക്ക് പരിശീലനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

### 3. ഹർഷം – ജെറിയാട്രിക് കെയർ സേവനദാതാക്കൾ :

ആരോഗ്യമേഖലയിൽ സേവനം പ്രദാനം ചെയ്യുന്നതിലേയ്ക്കായി സാധ്യമായ എല്ലാ ബ്ലോക്കുകളിലും ഹർഷം ജെറിയാട്രിക് കെയർ സേവനദാതാക്കളെ പരിശീലിപ്പിച്ചു പ്രവർത്തന സജ്ജരാക്കും. (ശരാശരി പ്രതിമാസ വരുമാനം 8000/– രൂപ ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കും. നിലവിൽ 307 കുടും ബശ്രീ അംഗങ്ങൾ പരിശീലനം പൂർത്തീകരിച്ച് പ്രവർത്തന സജ്ജരായിട്ടുണ്ട്. 600 കുടുംബശ്രീ അംഗങ്ങൾക്കാണ് ഈ പദ്ധതിയിലൂടെ തൊഴിൽ ലഭ്യത പ്രതീക്ഷി ക്കുന്നത്).

ജീവിതശൈലീരോഗ നിർണ്ണയം സാധാരണക്കാരുടെ വീട്ടുപടിക്കൽ എത്തിക്കുന്നതിനായി ആവിഷ്കരിച്ച് സാന്ത്വനം പദ്ധതിയിൽ നിലവിൽ 358 വോളന്റിയർമാർ പ്രവർത്തിച്ചുവരുന്നു. കൂടുതൽ പേരെ പദ്ധതിയുടെ ഭാഗമാക്കു കയും എല്ലാവർക്കും പ്രതിമാസം 5000/– രൂപ വരുമാനം ഉറപ്പുവരുത്തുകയും ചെയ്യും.

### 4. ഹരിത സംരംഭങ്ങൾ:

മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തിരഞ്ഞെടുത്ത 200 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിതസംരം ഭങ്ങൾ രുപീകരിക്കും. (ശരാശരി പ്രതിമാസ വരുമനം 8000/– രൂപ ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും, ഗ്രീൻ പ്രോട്ടോക്കോൾ യൂണിറ്റുകൾ രുപീക രിക്കുകയും ചെയ്യും. 5000 വനിതകൾക്ക് ഇതിലൂടെ സ്ഥായിയായ വരുമാന ലഭ്യത പ്രതീക്ഷിക്കുന്നു. നിലവിൽ 888 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 27988 കുടുംബശ്രീ വനിതകളെ പരിശീലിപ്പിച്ചു പ്രവർത്തന സജ്ജരാക്കിയിട്ടുണ്ട്.

## 5. സംരംഭങ്ങളുടെ സുസ്ഥിരത

നിലവിലുള്ള 19535 സൂക്ഷ്മസംരംഭങ്ങളുടെ നിലനിൽപ്പും സുസ്ഥിര വികസനവും ഉറപ്പാക്കുന്നതിന്റെ ഭാഗമായി സംരംഭങ്ങളുടെ പ്രവർത്തനം സമയ ബന്ധിതമായി വിലയിരുത്തുകയും ആവശ്യമുള്ള സഹായങ്ങൾ യൂണിറ്റുകളെ കണ്ടെത്തുകയും ആവശ്യമുള്ള സഹായങ്ങൾ നൽകുകയും ചെയ്യും.

- എം.ഇ. മൊബൽ ആപ്ലിക്കേഷൻ വഴി കൃത്യമായ മോണിറ്ററിംഗ് നടത്തുകയും എല്ലാ യൂണിറ്റുകളുടെയും ഗ്രേഡിംഗ് നടത്തി തരം തിരിക്കുകയും ചെയ്യും

- സംരംഭങ്ങൾക്കുള്ള ഇൻഷുറൻസ് പദ്ധതി ഈ വർഷം നടപ്പാക്കും

- പ്രവർത്തനം നിലച്ചതോ മാന്ദ്യം സംഭവിച്ചതോ ആയ സംരംഭങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി സിക്ക് എം.ഇ. റിവൈവൽ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ പ്രയോജനം സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 900 യൂണിറ്റുകൾക്ക് ലഭ്യമാക്കി പുനരുജ്ജീവിപ്പിക്കും.

## 6. കഫേ കുടുംബശ്രീ

'കഫേ കുടുംബശ്രീ' എന്ന ബ്രാന്റ് രുപീകരിക്കുന്നതിന്റെ ഭാഗമായി ട്രേഡ് മാർക്ക് രജിസ്ട്രേഷൻ നേടുകയും ലോഗോ ഡിസൈൻ ചെയ്യുകയും ചെയ്തു കഴിഞ്ഞു. ഈ വർഷം തിരഞ്ഞെടുക്കപ്പെട്ട 150 കഫേ യൂണിറ്റുകളെ ഏകീകരിച്ച് ബ്രാൻഡ് ചെയ്ത് കുടുംബശ്രീ ഭക്ഷണശാലകളുടെ ഒരു ശൃംഖല സംസ്ഥാന തലത്തിൽ രുപീകരിക്കുന്നതാണ്.

## 7. സംയോജന പദ്ധതികൾ

നിലവിൽ കുടുംബശ്രീ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എസ്.സി. ഡിപ്പാർട്ട്മെന്റ്, റെയിൽവേ, കേസ് തുടങ്ങിയ വിവിധ ഡിപ്പാർട്ട്മെന്റുകളുമായോ സ്ഥാപനങ്ങളുമായും സംയോജിച്ച് ഉപജീവന പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഈ വർഷം സംയോജന പ്രവർത്തനങ്ങളിലൂടെ 15000 പേർക്ക് തൊഴിലും വരുമാനവും ഉറപ്പു വരുത്തുന്നതാണ്.

## 8. കോമൺ ഫെസിലിറ്റി സെന്റർ

- ഒരേ പ്രദേശത്തെ സംരംഭകർക്ക് ഒരു കുടക്കീഴിൽ ഉല്പന്ന നിർമ്മാണം, പാക്കിംഗ്, ഗുണമേന്മ ഉറപ്പാക്കൽ തുടങ്ങിയ എല്ലാ പ്രവർത്തനങ്ങളും നടത്താവുന്ന കേന്ദ്രമാണ് പൊതു സേവന കേന്ദ്രങ്ങൾ (സിഎഫ്സി)

- അപ്പാരൽ മേഖലയിൽ 2 സി.എഫ്.സികളും, ഡയറി പ്രൊഡക്ട് മേഖലയിൽ ഒരു സി.എഫ്.സിയും രുപീകരിച്ചു.

- 13 സി.എഫ്.സി. രുപീകരിക്കുന്നത് വഴി മൂവായിരത്തോളം കുടുംബശ്രീ അംഗങ്ങൾക്ക് സ്ഥിര വരുമാനം ലഭ്യമാക്കുവാൻ സാധിക്കും.

- കുടുംബശ്രീ ഉത്പന്നങ്ങൾ കൂട്ടായ്മയിലൂടെ ഒരേ രീതിയിൽ ഉത്പാദിപ്പിച്ച് ആയത് ഒരു ബ്രാന്റിൽ വിപണനം നടത്തി കുടുംബശ്രീ അംഗങ്ങൾക്ക് പരമാവധി ലാഭം ലഭ്യമാക്കുക എന്നതാണ് കുടുംബശ്രീയുടെ ലക്ഷ്യം.

## 9. കുടുംബശ്രീ മൈക്രോ കോൺട്രാക്റ്റിംഗ് ഗ്രൂപ്പുകൾ

- കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഏറ്റവും കുറഞ്ഞത് ഒരു കൺസ്ട്രക്ഷൻ ഗ്രൂപ്പ് വീതം രുപീകരിക്കുക

- നിലവിൽ 265 ഭവന നിർമ്മാണ യൂണിറ്റുകൾ ജില്ലാ അടിസ്ഥാനത്തിൽ രുപീകരിച്ചു.

- സർക്കാർ തുടർ പദ്ധതികളിൽ ഉൾപ്പെട്ട ഭവനങ്ങളുടെ നിർമ്മാണം ശുചി മുറികളുടെ നിർമ്മാണം, ഗ്രാമീണ തൊഴിലുറപ്പ് പദ്ധതികളിൽ ഉൾപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ (തൊഴുത്ത് നിർമ്മാണം, മഴക്കുഴി നിർമ്മാണം, കമ്പോസ്റ്റ് പിറ്റ് നിർമ്മാണം, ഭവന നിർമ്മാണം) തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുക.

- ഓരോ അംഗത്തിനും ഒരു വർഷം 200 ദിവസത്തെ സെമി സ്കിൽഡ് ആയ തൊഴിലുകൾ ലഭിക്കുന്നതായും അവർക്ക് ദിവസവും കുറഞ്ഞത് 750/- രൂപ വീതം ലഭിക്കുന്നതായി ഉറപ്പ് വരുത്തുക

## 10. ന്യൂട്രിമിക്സ്

- അമൃതം ന്യൂട്രിമിക്സിൽ വൈറ്റമിൻ എ, കാൽസ്യം, അയൺ, വൈറ്റമിൻ സി തുടങ്ങിയ 11 തരം മൈക്രോ ന്യൂട്രിയൻസ് കൂടി ഉൾപ്പെടുത്തി കൂടുതൽ പോഷക സമ്പുഷ്ടമാക്കി കേരളത്തിലെ 33000 അംഗൻവാടികളിൽ ലഭ്യമാക്കും.

- ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാരായ കുട്ടികൾ, എൻഡോസൾഫാൻ ബാധിതർ, വൃദ്ധർ തുടങ്ങിയ വിഭാഗക്കാർക്ക് ഉചിതമായ ഉല്പന്നങ്ങൾ ന്യൂട്രിമിക്സ് യൂണിറ്റുകൾ വഴി ലഭ്യമാക്കും.

- ന്യൂട്രിമിക്സ് ഉപയോഗിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളായ കുക്കീസ്, ബിസ്ക്കറ്റ്, മറ്റ് പലഹാരങ്ങൾ അംഗൻവാടി വഴി ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ കണ്ടെത്തി നടപ്പിലാക്കുന്നതുമാണ്.

- കുടുംബശ്രീ ന്യൂട്രിമിക്സ് യൂണിറ്റുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി യൂണിറ്റ് പൂർണ്ണമായി യന്ത്രവൽകൃതമാക്കുന്നതിന്റെ സാധ്യതാ പഠനം നടത്തുന്നതും ആയത് നടപ്പിലാക്കുന്നതുമാണ്. കൂടാതെ നാഷണൽ ന്യൂട്രീഷ്യൻ മിഷന്റെ സഹായത്തോടെ കുറഞ്ഞത് 3 യൂണിറ്റിനെങ്കിലും 150 സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കും.

# കുടുംബശ്രീ സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പദ്ധതി (SVEP).

ഒരു ബ്ലോക്ക് തിരഞ്ഞെടുത്ത് സംരംഭ വികസന പ്രവർത്തനങ്ങളിലൂടെ അവിടെയുള്ള ഗ്രാമപ്രദേശത്തു പ്രാദേശിക വികസനം ലക്ഷ്യമിട്ടുകൊണ്ട് ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ (NRLM) ബ്ലോക്ക് തലത്തിൽ നടപ്പിലാക്കുന്നതാണ് സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പദ്ധതി (SVEP).

| | |
|---|---|
| 2018–2019 വർഷത്തെ ടാർഗറ്റ് | **4000** |
| 2018–2019 വർഷം നടപ്പിലാക്കിയത് | **3704** |
| 2019–2020 വർഷത്തെ ടാർഗറ്റ് | **8400** |

ബ്ലോക്കിലെ പഞ്ചായത്തുകളിലെ സി.ഡി.എസ്സ് ചെയർപേഴ്സൺ, സൂക്ഷ്മസംരംഭക ഉപസമിതി കൺവീനർ എന്നിവർ ചേർന്ന് ബ്ലോക്ക് നോഡൽ സൊസൈറ്റി ഫോർ എന്റർപ്രൈസ് പ്രൊമോഷൻ (BNSEP) എന്ന പേരിൽ ഒരു സൊസൈറ്റിക്ക് രൂപം നൽകിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

പദ്ധതി ഫീൽഡ് തലത്തിൽ നടപ്പിലാക്കുന്നതിനായി സംരംഭ വികസന പ്രവർത്തനങ്ങളിൽ മികച്ച പരിശീലനം ലഭ്യമായ സൂക്ഷ്മസംരംഭ കൺസൽട്ടന്റ് (MEC) ഗ്രൂപ്പ് രൂപം നൽകി BNSEPയുമായി കരാറിൽ ഏർപ്പെട്ടു പ്രവർത്തിക്കുന്നു. സംസ്ഥാനത്താകമാനം ഈ പ്രവത്തനം നടത്തുന്നതിനായി പരിശീലനം ലഭ്യമായ **243** എം.ഇ.സി മാർ പ്രവർത്തിക്കുന്നു.

എസ്.വി.ഇ.പി പദ്ധതിയുടെ പരമ പ്രധാനമായ സാമ്പത്തിക വിനിയോഗം കമ്മ്യൂണിറ്റി എന്റർപ്രൈസസ് ഫണ്ടും ബാങ്ക് വായ്പയുമാണ്. ബ്ലോക്കിലെ സംരംഭ വികസന പ്രവർത്തനങ്ങൾക്ക് വ്യക്തിഗതത്തിന് പരമാവധി 50000/- രൂപയും ഗ്രൂപ്പ് സംരംഭത്തിന് പരമാവധി 100000/- രൂപയും ലോണായി 4% പലിശ നിരക്കിൽ സംരംഭത്തിന്റെ പ്രാരംഭ ആവശ്യങ്ങൾക്കായി നൽകുന്നു. കൂടുതൽ തുക ആവശ്യവുമുള്ളതിനും നിലവിലുള്ളത് വികസിപ്പിക്കുന്നതിനും ബാങ്ക് വായ്പ ലഭ്യമാക്കി പിന്തുണസഹായം നൽകുന്നു

| | |
|---|---|
| നാളിതുവരെ വിതരണം ചെയ്ത സി.ഇ.എഫ് തുക | **8,69,13,000/** |
| നാളിതുവരെ ലഭ്യമാക്കിയ ബാങ്ക് വായ്പ | **1,78,92,000/** |

എസ്.വി.ഇ.പി പദ്ധതി നടപ്പിലായതോടു കൂടി ബ്ലോക്കിൽ സംരംഭകരാകാൻ താല്പര്യം ഉള്ള അയൽക്കൂട്ട അംഗങ്ങളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചു. അതിനു കാരണം മറ്റൊന്നുമല്ല, സംരംഭം എന്ന ആശയം ആളുകളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി അയൽക്കൂട്ടങ്ങളിലേക്കു ഇറങ്ങി ചെന്ന് അയൽക്കൂട്ട അംഗങ്ങൾക്ക് വേണ്ട ബോധവൽക്കരണം നൽകി എം.ഇ.സി മാരുടെ ചിട്ടയായ പ്രവർത്തനങ്ങളിലൂടെയാണ് ഇത് സാധ്യമാകുന്നത്. സംരംഭ മേഖല വളരുമ്പോ പ്രാദേശിക വികസനവും സാധ്യമാകുന്നു.

# കാർഷിക മേഖല പ്രവർത്തനങ്ങൾ

## 1. ജൈവകൃഷി

ലക്ഷ്യം

- ജൈവ കൃഷി രീതിയിലൂടെ ഭക്ഷ്യ സുരക്ഷാ ഉറപ്പുവരുത്തുക
- കുടുംബശ്രീ വനിതാ കർഷകരിലൂടെ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുകയും അധിക വരുമാനം ലഭ്യമാക്കാനുമായി 10000 ഹെക്ടർ സ്ഥലത്തു കൃഷി വ്യാപിപ്പിക്കുക.

ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന്റെ (എൻ.ആർ.എൽ.എം.) സഹായത്തോടു കൂടി കുടുംബശ്രീ ആരംഭിച്ച പദ്ധതി ആണ് ജൈവ കൃഷി. മൂന്നു വർഷം കൊണ്ട് എല്ലാ ജില്ലകളിലുമായി 201 ക്ലസ്റ്ററുകൾ രൂപികരിച്ച്, 10000 ഹെക്ടറിൽ ഒരു ലക്ഷത്തിലധികം വനിതകളെ പങ്കെടുപ്പിച്ചുകൊണ്ട് ഈ പദ്ധതി നടപ്പിലാക്കുക എന്നതാണ് ലക്ഷ്യം. നാളിതുവരെ 6856 ഏക്കർ സ്ഥലത്തു 39593 കർഷകർ കൃഷി ചെയ്തു വരുന്നു. 2019–20ൽ രണ്ടാം വർഷത്തിലേക്ക് കടക്കുന്ന ഈ പദ്ധതി ആനുപാതികമായ പുരോഗതി കൈവരിക്കേണ്ടതാണ്.

## 2. ചെറുകിട ഇടത്തരം മൂല്യവർദ്ധിത ഉൽപ്പന്ന സംരഭങ്ങൾ

ലക്ഷ്യം

- ഉത്പന്ന വൈവിദ്ധ്യവത്കരണം, , ബ്രാൻഡിംഗ്, ലൈസൻസിങ്, പാക്കിങ് എന്നിവയ്ക്ക് ഊന്നൽ നൽകി സംസ്ഥാനത്തൊട്ടാകെ 300 ചെറുകിട മൂല്യ വർദ്ധിത യൂണിറ്റുകളും 100 ഇടത്തരം മൂല്യ വർദ്ധിത യൂണിറ്റുകളും സ്ഥാപിക്കുക.
- കർഷകരിൽ നിന്നും സംരംഭകരിലേയ്ക്കുള്ള ഉയർച്ചയും, കൂടുതൽ തൊഴിൽ സാദ്ധ്യതയും, വരുമാന വർധനവും.
- ചെറുകിട മൂല്യ വർദ്ധിത യൂണിറ്റുകൾക്ക് 5000 രൂപയിൽ കുറയാത്ത മാസ വരുമാനവും ഇടത്തരം മൂല്യ വർദ്ധിത യൂണിറ്റുകൾക്ക് 10,000 രൂപയിൽ കുറയാത്ത മാസ വരുമാനവും ഉറപ്പാക്കുക.

വനിതാ കർഷകരെ സംരംഭകർ ആക്കി മാറ്റി മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ വലിയ വിപണി സാധ്യതകൾ അവർക്കായി തുറന്നു കൊടുക്കാൻ ഈ പദ്ധതിയ്ക്ക് കഴിയും. അഞ്ചു ലക്ഷത്തിനുമേൽ മുതൽമുടക്ക് വേണ്ടി വരുന്നവർക്കായി 2018-19 വർഷത്തിൽ ഇടത്തരം മൂല്യ വർദ്ധിത പദ്ധതികൾ കൊണ്ടുവന്നിരുന്നു. തത്ഫലമായി ഇപ്പോൾ 167 ഇടത്തരം മൂല്യ വർദ്ധിത ഉത്പന്ന യൂണിറ്റുകൾ സംസ്ഥാനത്തൊട്ടാകെ പ്രവർത്തിച്ചു വരുന്നു. പ്രളയനാന്തരം ചെറുകിട മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കും കൂടുതൽ സാധ്യതയുണ്ട് എന്ന് മനസ്സിലാക്കിയാണ് 2019-20 വർഷത്തെ ആക്ഷൻ പ്ലാനിൽ ഇതിനായുള്ള പദ്ധതി രൂപവത്കരിച്ചിട്ടുള്ളത്.

### 3. നാട്ടുചന്തകളുടെ ശാക്തീകരണം

ലക്ഷ്യം

- നിലവിലെ നാട്ടുചന്തകളുടെ അടിസ്ഥാന സൗകര്യ വികസനം വഴി കാർഷികോൽപ്പന്നങ്ങളുടെ ഷെൽഫ് ലൈഫ് കൂട്ടുക, നഷ്ടം കുറയ്ക്കുകയും ന്യായവില ഉറപ്പാക്കുകയും ചെയ്യുക

- ജൈവ പച്ചക്കറികളും വിഷരഹിത മത്സ്യവും ഒരേ കുടക്കീഴിൽ ലഭ്യമാക്കുക.

- ആദ്യ ഘട്ടത്തിൽ ബ്ലോക്കിൽ ഒന്ന് എന്ന നിരക്കിൽ സംസ്ഥാനത്താകെ 152 നാട്ടുചന്തകളിൽ കോൾഡ് സ്റ്റോറേജുകൾ സ്ഥാപിക്കുക.

കുടുംബശ്രീയുടെ കീഴിൽ 450 നാട്ടുചന്തകൾ പ്രവർത്തിച്ചു വരുന്നു. 10 കോടി രൂപയുടെ വിറ്റുവരവാണ് ഈ ചന്തകളിലൂടെ 2018-19 സാമ്പത്തിക വർഷത്തിൽ ലഭ്യമായത്. കർഷകർ കൊണ്ടുവരുന്ന മുഴുവൻ പച്ചക്കറിയും ഒരു ദിവസം തന്നെ വിറ്റഴിക്കണം എന്നില്ല. ഈ അവസരത്തിൽ കർഷകർക്ക് നഷ്ടമുണ്ടാകുന്ന സ്ഥിതി ഉണ്ട്. കൂടാതെ ചന്ത നടക്കുന്ന ദിവസങ്ങളിൽ ചിലപ്പോൾ പച്ചക്കറി എത്തിക്കാൻ പറ്റാത്തവർക്ക് നേരത്തെ തന്നെ വിള ചന്തയിൽ എത്തിച്ചാൽ സൂക്ഷിച്ചു വയ്ക്കാനുള്ള സാഹചര്യം നിലവിലില്ല. ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് ആദ്യ ഘട്ടത്തിൽ 152 നാട്ടുചന്തകളിൽ കോൾഡ് സ്റ്റോറേജുകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്.

**4. നെല്ല് ഉൽപ്പാദന കൂട്ടായ്മകൾ**

ലക്ഷ്യം

- ജില്ലകളിൽ നെൽകൃഷി കൂടുതൽ ഉള്ള പ്രദേശങ്ങളിൽ നെല്ല് ഉൽപ്പാദകരുടെ 100 കൂട്ടായ്മകൾ സംസ്ഥാനത്തൊട്ടാകെ രൂപീകരിക്കുക.
- നെല്ല് സംഭരണം, സംസ്ക്കരണം, വിപണനം നടത്തുന്നതിനുള്ള സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകുക.

മലയാളികളുടെ ഭക്ഷണത്തിൽ ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് അരി. എന്നാൽ ഉൽപ്പാദിപ്പിക്കുന്ന നെല്ലിന് മികച്ച വിപണിയും വിലയും ലഭ്യമാകാത്തതിനാലും മറ്റു കാരണങ്ങളാലും ഇന്ന് കേരളത്തിൽ നെൽകൃഷിയുടെ വ്യാപനം കുറയുകയാണ്.ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനായും നെൽകൃഷി വ്യാപിപ്പിക്കുന്നതിനായും കുടുംബശ്രീ നടപ്പിലാക്കുന്ന പദ്ധതിയാണ് നെല്ല് ഉൽപ്പാദന കൂട്ടായ്മകൾ. കഴിഞ്ഞ സാമ്പത്തിക വർഷം ജില്ലാതലത്തിൽ പ്രാദേശികമായി 1642 ടൺ നെല്ല് സംഭരിക്കുകയും 876 ടൺ നെല്ല് സംസ്ക്കരിച്ചു തദ്ദേശീയമായി ബ്രാൻഡ് ചെയ്തു വിപണിയിൽ എത്തിക്കുകയും ചെയ്തിട്ടുണ്ട്. 2019–20 സാമ്പത്തികവർഷം പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്നതിനു ഉദ്ദേശിക്കുന്നു. ജില്ലാ അടിസ്ഥാനത്തിൽ തദ്ദേശീയമായി കൂടുതൽ നെല്ല് ഉൽപ്പാദക കൂട്ടായ്മകൾ രൂപീകരിക്കാനും കൂടുതൽ നെല്ല് സംഭരിച്ചു ബ്രാൻഡ് ചെയ്തു വിപണിയിൽ എത്തിക്കാനും ലക്ഷ്യം വയ്ക്കുന്നു

**5. അഗ്രി ബിസിനസ്സ് സംരംഭങ്ങൾ**

ലക്ഷ്യം

- കൂടുതൽ വരുമാനദായകമായ കാർഷിക സംരംഭങ്ങളെ പ്രോത്സാ ഹിപ്പിക്കുക.
- സംസ്ഥാനത്തൊട്ടാകെ കുറഞ്ഞത് 140 യൂണിറ്റ് (ഒരു ജില്ലയിൽ 10 യൂണി റ്റുകൾ) രൂപീകരിക്കുക

സാമ്പ്രദായിക കൃഷി രീതികളിൽ നിന്നും വ്യതിചലിച്ചു സംഘകൃഷി ഗ്രൂപ്പുകൾ പുതിയ കാർഷിക സംരംഭങ്ങളിൽ ഏർപ്പെടാൻ തുടങ്ങിയിരിക്കുന്നു.

മൂല്യ വർധിത യൂണിറ്റുകൾ, ജൈവകൃഷി, കർഷക കൂട്ടായ്മകൾ, കൂടാതെ പ്ലാന്റ് നഴ്സറി പോലുള്ള വരുമാനദായകമായ സംരംഭങ്ങൾ പല സംഘങ്ങളും ആരംഭിച്ചു കഴിഞ്ഞു. ഈ പദ്ധതികൾക്ക് ലഭിച്ച സ്വീകാര്യതയും പുരോഗതിയും കണക്കിലെടുത്താണ് കൂടുതൽ വരുമാനദായകമായ കാർഷിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനു തീരുമാനിച്ചത്

**6. സ്മാർട്ട് അഗ്രി വില്ലേജുകൾ**

ലക്ഷ്യം

- സ്വയം പര്യാപ്തവും സുസ്ഥിരവുമായ സംയോജിത കൃഷിയിലൂന്നിയുള്ള മാതൃകാ കാർഷിക ഗ്രാമങ്ങൾ ഓരോ ജില്ലയിലും ഒന്ന് എന്ന തോതിൽ 14 എണ്ണം സ്ഥാപിക്കുക.

കൃഷി എന്നത് ഒരു സംസ്ക്കാരം ആണെന്നുള്ള തിരിച്ചറിവ് പുതുതലമുറ യ്ക്കു പരിചയപ്പെടുത്തേണ്ടതുണ്ട്. സംയോജിത കൃഷി രീതി പൊതു സമൂഹത്തി നു കണ്ടു മനസ്സിലാക്കാനും മേന്മ നേരിട്ടറിയാനും കർഷകർക്ക് ആത്മവിശ്വാസം പകരാനുമായി ജില്ലയിൽ ഓരോ മാതൃക സ്മാർട്ട് അഗ്രി വില്ലേജ് സ്ഥാപിക്കാവു ന്നതാണ്. കാർഷിക സംസ്കാരത്തിന്റെ പഴമയും പെരുമയും പ്രതിഫലിപ്പിക്കുന്ന മാതൃകാ ഗ്രാമങ്ങളിലൂടെ കാർഷിക വൃത്തിയിലേക്ക് കൂടുതൽ പേരെ ആകർഷിക്കാനും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും കഴിയും.

**7. ജെ.എൽ.ജി ക്യാമ്പയിൻ**

ലക്ഷ്യം

- വനിതകളേയും പുതുതലമുറയേയും കാർഷിക മേഖലയിലേക്ക് ആകർഷിച്ചു കൊണ്ട് പുതിയ ജെ എൽജികൾ രൂപീകരിക്കുക, കൃഷി സ്ഥല വിസ്തൃതി വർദ്ധിപ്പിക്കുക
- നിർജ്ജീവമായ ജെ എൽ ജികളെ പ്രവർത്തന സജ്ജമാക്കുക
- അയ്യായിരം പുതിയ ജെ എൽ ജി കൾ രൂപീകരിക്കുന്നതിലൂടെ പതിനായി രം ഏക്കർ തരിശു ഭൂമി കൃഷിയോഗ്യമാക്കുന്നു
- ഓരോ ജില്ലയിലും 25 പുതിയ ട്രൈബൽ ജെ.എൽ.ജി കൾ രൂപീകരിക്കുക.

കൃഷിയോട് പുതു തലമുറയ്ക്ക് താൽപ്പര്യം കുറഞ്ഞു വരുന്ന സാഹചര്യത്തിൽ കാർഷികാവസരങ്ങൾ പൊതു സമൂഹത്തിനു പരിചയപ്പെടുത്തേണ്ട ആവശ്യകതയുണ്ട് കൃഷി ഒരു ജോലി അല്ല, മറിച്ച് നമ്മുടെ സംസ്കാരം ആണെന്നുള്ള തിരിച്ചറിവ് പകരേണ്ടതുണ്ട്. വിവിധ വകുപ്പുകളുടെ സംയോജനത്തോടെ കാർഷിക മേഖലയുടെ വിസ്തൃതിയും കർഷകരുടെ എണ്ണവും കൂട്ടുക. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ കൃഷി സംഘങ്ങളുടെ പുനരുജ്ജീവനം എന്നിവ ലക്ഷ്യമിട്ടുള്ളതാണ് ഈ ക്യാമ്പയിൻ. ആകെ അയൽക്കൂട്ട അംഗങ്ങളുടെ 10 ശതമാനം മാത്രമേ കൃഷി സംഘങ്ങളിൽ അംഗമായിട്ടുള്ളു. ക്യാമ്പയിൻ വഴി കൂടുതൽ അയൽക്കൂട്ട അംഗങ്ങളെ കൃഷിസംഘങ്ങളിൽ ചേർക്കുന്നതും ഇതിലൂടെ സാധ്യമാണ്.

**8. ഔഷധസസ്യ കൃഷി**

ലക്ഷ്യം

- ഔഷധസസ്യ കൃഷി വ്യാപിപ്പിക്കുകയും ഉപജീവന മാർഗ്ഗമായി കാർഷിക മേഖലയിൽ പ്രചരിപ്പിക്കുകയും ചെയ്യുക
- ആകെ 350 ഹെക്ടർ ഭൂമിയിൽ ഔഷധ കൃഷി വ്യാപിപ്പിക്കുക

കേരളത്തിന്റെ ഭൂപ്രകൃതിയും കാലാവസ്ഥയും ഔഷധസസ്യ കൃഷിക്ക് വളരെ യോജിച്ചതാണ്. കൃഷി സംഘങ്ങൾക്ക് ഔഷധസസ്യ കൃഷിയിൽ പരിശീലനമോ മറ്റ് സഹായങ്ങളോ നൽകിയിരുന്നില്ല. ആയുർവേദ ഉൽപ്പന്നങ്ങൾക്ക് ഓരോ വർഷവും ആവശ്യകത കൂടി വരുകയാണ്. ഈ രംഗത്തെ സാധ്യത കണക്കിലെടുത്താണ് ഔഷധസസ്യ കൃഷി പദ്ധതി രൂപവൽക്കരിച്ചത്. പദ്ധതി പ്രകാരം 230 ഹെക്ടറിൽ ആടലോടകം, കുടങ്ങൽ, കറ്റാർ വാഴ, വാതം കൊല്ലി, തുളസി എന്നിങ്ങനെ വിവിധ ഔഷധസസ്യങ്ങൾ 6 ജില്ലകളിലായി 633 കൃഷി സംഘങ്ങൾ കൃഷി ചെയ്തു വരുന്നു. വരും വർഷങ്ങളിലും പദ്ധതി തുടരും.

**9. മൊബൈൽ ഗാർഡൻ ഇൻസ്റ്റലേഷൻ യൂണിറ്റ്**

ലക്ഷ്യം:

- കേരളത്തിലെ പൂന്തോട്ട നിർമ്മാണ പരിപാലന മേഖലയിൽ കുടുംബശ്രീയുടെ ബ്രാൻഡ് സമൂഹത്തിനു പരിചിതമാക്കുക.

- സംസ്ഥാനത്തൊട്ടാകെ 70 യൂണിറ്റുകൾ (ഓരോ ജില്ലയിൽ 5) രുപീകരിക്കുക

പൂന്തോട്ട നിർമ്മാണ പരിപാലന മേഖലയിൽ നിലവിൽ സേവനം നൽകുന്ന യൂണിറ്റുകൾ കേരളത്തിൽ കുറവാണെന്നതു മാത്രമല്ല ഏവർക്കും പരിചിതമായ യൂണിറ്റുകൾ നിലവിലുമില്ല. വനിതാ കർഷകർക്ക് ഇത്തരം സംരംഭങ്ങൾ ഏറ്റെടുക്കാൻ ആവശ്യമായ സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നൽകിയാൽ മട്ടുപ്പാവ് കൃഷി, അടുക്കളത്തോട്ട നിർമ്മാണം, അലങ്കാര പുഷ്പോദ്യാനം തുടങ്ങിയവയിൽ വൈദഗ്ധ്യം ഉള്ള സംഘങ്ങൾ രൂപീകരിക്കാനും ഉയർന്ന വരുമാനം ലഭ്യമാക്കാനും കഴിയും.

**10. ടെക്നോളജി ഫണ്ട്**

ലക്ഷ്യം

- സംസ്ഥാനത്താകെ 30 (കുറഞ്ഞത് ഓരോ ജില്ലയിലും 2 ) നൂതനമായ കാർഷിക സാങ്കേതിക വിദ്യകൾ അവലംബിക്കാൻ കർഷകർക്ക് അവസരം നൽകുക.

വനിതാ കർഷകരിലൂടെ നൂതന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി കൃഷി വിപുലീകരിക്കാൻ പ്രാപ്തരാക്കുക കുടുംബശ്രീയുടെ ലക്ഷ്യമാണ്. എല്ലാ ജില്ലകളിൽ നിന്നും ടെക്നോളജി ഫണ്ട് ലഭ്യമാക്കാനുള്ള പ്രൊപ്പോസലുകൾ സംസ്ഥാന മിഷന് ലഭ്യമായിട്ടുണ്ട്. അംഗീകാരം ലഭിച്ച പ്രോജക്ടുകൾ ഈ വർഷം തന്നെ പ്രവർത്തന സജ്ജമാകും.

# മൃഗ സംരക്ഷണ മേഖല

## കേരള ചിക്കൻ

1000 ബ്രോയ്ലർ ഫാമുകൾ ആരംഭിക്കുകയും പ്രതിദിനം ഇരുപത്തയ്യായിരം ബ്രോയ്ലർ ചിക്കൻ വിപണിയിൽ എത്തിക്കുകയും ചെയ്യുക. ഇതിലൂടെ പ്രതിവർഷം 155 കോടി രൂപയുടെ വിറ്റുവരവ്. 1000 ബ്രോയ്ലർ ഫാർമേഴ്സിന് സ്ഥിരവരുമാനം ലഭ്യമാകും.

## ആടുവളർത്തൽ പദ്ധതി

ആടുവളർത്തലിലൂടെ ഗുണഭോഗ്താവിനു മികച്ച വരുമാനം ലഭ്യമാക്കുക.

2012 മുതൽ ഇതുവരെ 4142 യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്. വരും സാമ്പത്തിക വർഷം 4000 ഗുണഭോഗ്താക്കൾക്ക് വരുമാനം ലഭ്യമാകും. ആട്ടിറച്ചി വില്പനയിലൂടെ യൂണിറ്റിന് 2.7 കോടി രൂപ വാർഷിക വരുമാനം. ക്രൃത്രിമ ബീജ സങ്കലനത്തിലൂടെ അട്ടപ്പാടി ബ്ലാക്ക് എന്ന ഇനം ആടിന്റെ എണ്ണം വർധിപ്പിക്കും. ആട് വളർത്തൽ പദ്ധതിയിലൂടെ പ്രതിവർഷം 7.2 കോടി രൂപയുടെ വിറ്റുവരവ്.

## പശുവളർത്തൽ പദ്ധതി

പശു വളർത്തൽ പദ്ധതിയിലൂടെ ഗുണഭോഗ്താക്കൾക്ക് മികച്ച വരുമാനം ലഭ്യമാക്കുക. ഇതിനായി 200 ക്ഷീരസാഗരം യൂണിറ്റുകൾ, 14 മൂല്യ വർധന യൂണിറ്റുകൾ, 1 പാൽ പ്രോസസ്സിംഗ് പ്ലാന്റ് എന്നിവ രൂപീകരിക്കും. പ്രതിവർഷം 36.75 കോടി രൂപയുടെ വിറ്റുവരവ്. നിലവിൽ 1245 യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു.

## മുട്ട ഉല്പാദന പദ്ധതി

മുട്ട ശേഖരണം, പായ്ക്കിങ്, മാർക്കറ്റിങ് എന്നിവയിലൂടെ പ്രതി വർഷം 24.30 കോടിയുടെ വിറ്റുവരവ്. 152 മുട്ട ശേഖരണ പായ്ക്കിങ് യൂണിറ്റുകൾ.1000 എഗ്ഗ് കളക്റ്റേഴ്സ്. 14 എഗ്ഗ് കിയോസ്ക് എഗ്ഗ് പൌഡർ ഫാക്ടറി 100 കാട വളർത്തൽ യൂണിറ്റുകൾ എന്നിവ രൂപീകരിക്കും.

**പോത്തു വളർത്തൽ പദ്ധതി**

100 പോത്തു വളർത്തൽ യൂണിറ്റുകളിലൂടെ ഓരോ ഗുണഭോഗ്താവിനും പ്രതിവർഷം 35000 രൂപ വരുമാനവും മാസ സംസ്കരണ യൂണിറ്റുകൾക്ക് പ്രതിവർഷം 25 കോടി രൂപ വിറ്റുവരവും.

**മാർക്കറ്റിംഗ്**

മൃഗസംരക്ഷണ മേഖലയിലെ ഉത്പന്നങ്ങൾ ബ്രാൻഡ് ചെയ്തു വിൽക്കുന്നതിനായി ഓരോ ജില്ലയിലും ഉപഭോഗ്താക്കൾക്ക് മികച്ച ഷോപ്പിംഗ് അനുഭവം നൽകുന്ന തരത്തിൽ എയർ കണ്ടിഷൻഡ് ബ്രാൻഡഡ് ഷോപ്പുകൾ കുടുംബശ്രീ ഷോപ്പീ സേഫ് ടു ഈറ്റ് എന്ന പേരിൽ ആരംഭിക്കും, ലോകോത്തര നിലവാരമുള്ള ബ്രാൻഡഡ് കവറുകൾ യൂണിറ്റുകൾക്ക് നൽകുന്നതിനായി 14 ബ്രാൻഡഡ് കവർ വിതരണ യൂണിറ്റുകളും ആരംഭിക്കും. ഉത്പന്നങ്ങൾക്ക് മികച്ച വിപണി കണ്ടെത്താൻ ഒരു വർഷം നീണ്ടു നിൽക്കുന്ന ബ്രാൻഡിംഗ് പ്രവർത്തനങ്ങളും നടപ്പിലാക്കും.

**എബിസി പദ്ധതി**

എബിസി പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാൻ 3 കോടി രൂപയുടെ പൂൾഡ് ഫണ്ട്, 80 പുതിയ യൂണിറ്റുകൾ, മൊബൈൽ യൂണിറ്റുകൾ, മൊബൈൽ ആപ്പ്, എല്ലാ ബ്ലോക്കിലും ഓരോ സർജറി യൂണിറ്റുകൾ എന്നിവ രൂപീകരിക്കും. എല്ലാ അംഗങ്ങൾക്കും പരിശീലനവും സംഘടിപ്പിക്കും. നിലവിൽ 59 യൂണിറ്റുകളാണ് ഉള്ളത്. ഇതിലൂടെ 40 കോടി രൂപ വരുമാനം ലഭ്യമാക്കും.

# മാർക്കറ്റിംഗ്

1. സംസ്ഥാനത്തെ 152 ബ്ലോക്കുകളിലും 93 നഗരസഭാ പ്രദേശങ്ങളിലും കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി മാസച്ചന്തകൾ (10 മാസങ്ങൾ) സംഘടിപ്പിക്കുന്നതിലൂടെ 300 ലഘു സംരംഭങ്ങൾക്ക് കുറഞ്ഞത് 8.25 കോടി വിറ്റുവരവ് നേടിക്കൊടുക്കുക. ഇതിനുപുറമേ പദ്ധതിയ്ക്കായി 50 ഗ്രാമ പഞ്ചായത്തുകളിൽ കൂടി പുതിയതായി മാസച്ചന്തകൾ ആരംഭിക്കും.

2. കുടുംബശ്രീ ഉൽപ്പന്നങ്ങൾ പരിചയപ്പെടുത്താനും വിപണനം നടത്താനുമായി പ്രാദേശിക/ദേശീയ/അന്തർദേശീയ തലത്തിൽ 100 ട്രെയ്ഡ് ഫെയറുകളിൽ പങ്കെടുക്കുന്നതിന് 3 കോടി രൂപ ആയിരം സംരംഭങ്ങൾക്ക് നേടിക്കൊടുക്കുക.

3. കുടുംബശ്രീ ഉൽപ്പന്നങ്ങളും മറ്റു സംസ്ഥാനങ്ങളിലെ സമാന വനിതാ സംരംഭകരുടെ ഉൽപ്പന്നങ്ങളും കേരള ജനതയ്ക്ക് പരിചയപ്പെടുത്താനും വൻതോതിൽ വിപണനം നടത്തുന്നതിനുമായി കേരളത്തിൽ രണ്ട് സരസ്സ് ഫെയറുകൾ സംഘടിപ്പിക്കുകയും സംസ്ഥാനത്തിന് പുറത്ത് നടത്തുന്ന സരസ്സ് മേളകളിൽ കുറഞ്ഞത് 28 വേദികളിൽ കുടുംബശ്രീ സംരംഭകരെ പങ്കെടുപ്പിക്കുകയും ചെയ്തുകൊണ്ട് 15 കോടി രൂപയുടെ വിറ്റ് വരവ് സംരംഭകർക്ക് നേടിക്കൊടുക്കുക.

4. കഫേ കുടുംബശ്രീ ഫുഡ് ബ്രാൻഡ് സംസ്ഥാനത്ത് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 150 ഭക്ഷ്യമേളകൾ സംസ്ഥാനതല കുക്കറിഷോ, ടെലിവിഷൻ പരിപാടി, തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ കാറ്ററിംഗ് യൂണിറ്റുകളെ ഓൺലൈൻ വിപണിയുമായി ബന്ധിപ്പിക്കാൻ വിവിധ യൂണിറ്റുകളെ ചേർത്തിണക്കി കുടുംബശ്രീ സിഗ്നേച്ചർ റെസ്റ്റോറന്റ് തുടങ്ങി വിവിധ പദ്ധതികൾ പ്രത്യേക്ഷത്തിൽ 300 കാറ്ററിംഗ് യൂണിറ്റുകൾക്ക് പ്രയോജനം ലഭിക്കുന്ന വിധത്തിൽ നടപ്പിലാക്കുക. കുറഞ്ഞത് 5.25 കോടി രൂപ വിറ്റ് വരവിനു പുറമേ 100 യൂണിറ്റുകൾക്ക് സ്ഥിരം ഔട്ട്ലെറ്റുകൾ തുടങ്ങുവാൻ വഴിയൊരുക്കുക.

5. ഓണം, ക്രസ്തുമസ് വിശേഷാവസരങ്ങളിൽ സംയോജിതമായ ഉൽപ്പന്നങ്ങൾ കേരള ജനതയ്ക്ക് മുൻപിൽ അവതരിപ്പിക്കുവാനായി 1052 സി.ഡി.എസ്സ്തല ഓണച്ചന്തകളും, 14 ജില്ലാതല ഓണച്ചന്തകളും, 79 നഗരസഭ/മുനിസിപ്പാലിറ്റി ചന്തകളും, 14 ജില്ലാതല ക്രിസ്തുമസ് ചന്തകളും നടത്തുകയും

40 കോടി രൂപ വിറ്റ് വരവ് കുടുംബശ്രീ സംരംഭകർക്ക് നേടിക്കൊടുക്കുകയും ചെയ്യുക.

6. കുടുംബശ്രീ ഉൽപ്പന്നങ്ങൾ പൊതു വിപണിയിൽ എത്തിക്കുന്നതിന്റെ ഭാഗമായി പുതുതായി 245 നാനോ മാർക്കറ്റുകൾ ആരംഭിക്കുകയും നിലവിലുള്ളവ ഉൾപ്പെടെ 700 നാനോ മാർക്കറ്റുകൾ സംസ്ഥാനത്തുടനീളം ശക്തിപ്പെടുത്തുകയും ചെയ്തുകൊണ്ട് 5000 സംരംഭകർക്ക് പ്രയോജനം ലഭിക്കുന്ന വിധത്തിൽ 4 കോടി രൂപയുടെ വിറ്റ് വരവ് നേടിക്കൊടുക്കുക.

7. ടൂറിസ്റ്റ് കേന്ദ്രങ്ങൾ തീർത്ഥാടന കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ കുടുംബശ്രീ ഉൽപ്പന്നങ്ങൾ പരിചയപ്പെടുത്തുവാനും വിപണനത്തിനുമായി പുതുതായി 53 കിയോസ്കുകയും സ്ഥാപിക്കുകയു നിലവിലുള്ളവ ഉൾപ്പെടെ 100 കിയോസ്കുകൾ ശക്തിപ്പെടുത്തുകയും ചെയ്തുകൊണ്ട് 1 കോടി രൂപ വരുമാനം കുറഞ്ഞത് 2000 സംരംഭകർക്ക് നേടിക്കൊടുക്കുക.

8. വിവധ ഓൺ ലൈൻ പോർട്ടലുകളിൽകൂടിയുള്ള ഉൽപ്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിനായി സാങ്കേതികമായ നടപടികളും (സേർച്ച് എൻജിൻ ഓപ്റ്റിമൈസേഷൻ, സോഷ്യൽ മീഡിയ ഓപ്റ്റിമൈസേഷൻ തുടങ്ങിയവ) പ്രചരണ പരിപാടികളും (*ഗൂഗിൾ&വാട്ട്സആപ്, കെ.എസ്.ആർ.ടി.സി ബ്രാൻഡിംഗ്,* ഫെയിസ് ബുക്ക്, പ്രൊമോഷൻ തുടങ്ങിയവ) സംഘടിപ്പിച്ച് കുറഞ്ഞത് 9000 ഓർഡറുകൾ സംരംഭകർക്ക് നേടിക്കൊടുക്കുക.

9. ഓരോ ജില്ലയിലെയും എല്ലാ കുടുംബശ്രീ ഉൽപ്പന്നങ്ങളും ഒരുകുടക്കീഴിൽ ലഭ്യമാക്കുന്നതിനായി കുടുംബശ്രീയുടെ സാന്നിധ്യം പൊതു വിപണിയിൽ പ്രദർശിപ്പിക്കുന്നതിനുമായി ഓരോ ജില്ലയിലും ജില്ലാതലത്തിൽ ഒരു മിനി ബസ്സാർ ആരംഭിക്കുക. (വയനാട്, പത്തനംതിട്ട) ജില്ലാമിഷനുകളിൽ പ്രവർത്തിച്ചു വരുന്നു.

10. സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 100 ഗ്രാമപഞ്ചായത്തുകൾ/നഗരസഭാ പ്രദേശങ്ങളിൽ നടന്നുവരുന്ന മാസച്ചന്തകളെ സ്ഥിരം വിപണന കേന്ദ്രങ്ങളാക്കി ഉയർത്തുക.

11. സംസ്ഥാനത്തെ കുടുംബശ്രീ സംരംഭകരുടെ എല്ലാ പ്രധാന മികച്ച ഉൽപ്പന്നങ്ങളും ലഭിക്കുന്ന തരത്തിൽ പ്രീമിയം ഉപഭോക്താക്കൾക്കായി മൂന്ന് റീജിയണുകളിലായി മൂന്ന് സ്പെഷ്യാലിറ്റി സ്റ്റോറുകൾ സ്ഥാപിക്കുക.

12. കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ വിജയകരമായി നടന്നുവരുന്ന ഹോംഷോപ്പ് പദ്ധതി നവീകരിച്ച് 750 സംരംഭകർക്കും 1500 ഹോംഷോപ്പേഴ്സിനും പ്രയോജനം ലഭിക്കുന്ന വിധത്തിൽ മറ്റ് 12 ജില്ലകളിലും നടപ്പിലാക്കുകയും കുറഞ്ഞത് 3.5 കോടി രൂപ വിറ്റ് വരവ് നേടിക്കൊടുക്കുകയും ചെയ്യുക.

13. സംസ്ഥാനത്തുടനീളം തിരഞ്ഞെടുക്കപ്പെട്ട 50 ഉൽപ്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് പൊതുവിപണിയിൽ എത്തിക്കുക. കുറഞ്ഞത് 500 യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾ പൊതു വിപണിയിൽ കിടപിടിക്കുന്ന തരത്തിൽ മെച്ചപ്പെടുത്തുകയും ആദ്യവർഷ വിൽപ്പനയിൽ 100% വർദ്ധനവ് നേടിക്കൊടുക്കുകയും ചെയ്യുക.

14. സംസ്ഥാനത്തിനകത്തും പുറത്തും നടക്കുന്ന വിവിധ വിപണന മാധ്യമങ്ങളുടെ (ട്രെയ്ഡ് ഫെയറുകളും സ്ഥിരം വിപണന കേന്ദ്രങ്ങളും) വിറ്റ് വരവ് ഉൽപ്പന്നം തിരിച്ച് ലഭ്യമാക്കുന്നതിന് ഒരു മാർക്കറ്റിംഗ് എം.ഐ.എസ് തയ്യാറാക്കി നടപ്പിലാക്കുക.

15. അയൽക്കൂട്ടാംഗങ്ങൾക്ക് ലഘു സംരംഭങ്ങൾ ആരംഭിക്കുവാനും നിലവിലുള്ളവ ശക്തിപ്പെടുത്താനുമായി ആവശ്യം വരുന്ന മൂലധനം ബാങ്കുകളെ ആശ്രയിക്കാതെ സാമൂഹ്യ സംവിധാനത്തിൽ നിന്നും കുറഞ്ഞ പലിശയിൽ ലോണായി ലഭിക്കുന്ന തരത്തിൽ 10 കോടി രൂപയും 200 സി.ഡി.എസ്സുകൾക്കായി 'കമ്മ്യൂണിറ്റി എന്റർ പ്രൈസസ് ഫണ്ട്' നൽകുക. കുറഞ്ഞത് 2000 സംരംഭങ്ങൾ ഇതിലൂടെ ആരംഭിക്കുക/ശക്തിപ്പെടുത്തുക.

16. കുടുംബശ്രീ ഉൽപ്പന്ന വിപണനം കാര്യക്ഷമമായി സംസ്ഥാന തലത്തിൽ നടപ്പിലാക്കുവാനായി ഒരു മാർക്കറ്റിംഗ് കമ്പനിയോ സൊസൈറ്റിയോ സ്ഥാപിക്കുക.

## കുടുംബശ്രീ പട്ടിക വർഗ്ഗ മേഖലയിലെ ഇടപെടലുകൾ

- പട്ടിക വർഗ്ഗക്കാർ മാത്രമായുള്ള 1000 കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം ഏറ്റവും മികച്ചതാക്കും (നിലവിൽ പട്ടിക വർഗ്ഗക്കാർ മാത്രമായിട്ടുള്ള 6375 അയൽക്കൂട്ടങ്ങൾ ഉണ്ട്. ഇതിൽ കഴിഞ്ഞവർഷം 500 എണ്ണത്തെ സ്വയംപര്യാപ്ത അയൽക്കൂട്ടത്തിലേയ്ക്ക് എത്തിക്കാൻ സാധിച്ചിരുന്നു).

- പട്ടികവർഗ്ഗ മേഖലയിൽ പരമ്പരാഗത സ്വയംതൊഴിൽ സംരംഭങ്ങൾ നിലവിലെ 70 –ൽ നിന്നും 200 എണ്ണമായി വർദ്ധിപ്പിക്കും (കരകൗശലം പരമ്പര്യ വൈദ്യം, പരമ്പരാഗത കലാ ടീം, പരാമ്പര്യ ഭക്ഷണ ഗ്രൂപ്പുകൾ എന്നിങ്ങനെയുള്ള സംരംഭ ഗ്രൂപ്പുകൾ പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ കൂടുതൽ വ്യാപകമാക്കാൻ സാധിക്കും).

- പട്ടിക വർഗ്ഗ മേഖലയിലെ യുവതി–യുവാക്കൾക്ക് വേതന തൊഴിൽ ലഭ്യമാക്കുന്നതിന് മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിന് 750 പേർക്ക് കേന്ദ്രീകൃത പരിശീലനവും തുടർ പിന്തുണയും ഉറപ്പാക്കണം. (കഴിഞ്ഞ വർഷം 1000 പേരെ പരിശീലനം നൽകിയതിൽ 93 പേർക്ക് വിവിധ മേഖലകളിലെ പരീക്ഷകളിൽ നേട്ടം ലഭിച്ചു).

- കാർഷിക മേഖലയിലും, മൃഗസംരക്ഷണ മേഖലയിലും ഊന്നൽ നൽക 2000 പട്ടിക വർഗ്ഗ വനിതകൾക്ക് ഉപജീവനം ഉറപ്പുവരുത്തും (ആദിവാസി മേഖലയിൽ നിലവിൽ ഉള്ള ആട് വളർത്തൽ, പോത്തകൂട്ടി, പശുവളർത്തൽ, മുട്ടക്കോഴി വളർത്തൽ എന്നിവ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പിന്തുണ ഉറപ്പാക്കും).

- പ്രത്യേക മേഖലകൾ കേന്ദ്രീകരിച്ച് ഉപജീവനവും, കുടുംബശ്രീ ഉൾച്ചേർക്കൽ, ബ്രിഡ്ജ് കോഴ്സ്, സാമൂഹ്യ സാമ്പത്തിക പ്രവൃത്തികൾ, ആരോഗ്യ വിദ്യാഭ്യാസ പ്രവൃത്തികൾ മെച്ചപ്പെടുത്തുന്നു. (നിലവിൽ അട്ടപ്പാടി, തിരുനെല്ലി, ആറളം, നിലമ്പൂർ, കൊറഗ, കാടർ, മലമ്പണ്ടാര മേഖലയിൽ പ്രത്യേക ഇടപെടൽ നടത്തിവരുന്നുണ്ട്).

## സാമൂഹ്യ വികസനം

### അഗതിരഹിത കേരളം

നിരാശ്രയരായ അഗതി കുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്ന ആശ്രയ പദ്ധതി വിപുലീകരിച്ചാണ് അഗതിരഹിത കേരളം പദ്ധതി നടപ്പിലാക്കുന്നത്. സാമ്പത്തികവും സാമൂഹികവും വിദ്യാഭ്യാസ പരവുമായ പുരോഗതി ഉൾപ്പെടെ നിരാലംബരായ കുടുംബങ്ങളുടെ സമഗ്ര പുനരധിവാസമാണ് അഗതിരഹിത കേരളം പദ്ധതി വഴി ലക്ഷ്യമിടുന്നത്. പദ്ധതി പ്രകാരം അതിജീവന ആവശ്യങ്ങളായ ഭക്ഷണം, ചികിത്സ, വസ്ത്രം, വിവിധതരം പെൻഷനുകൾ എന്നിവയും അടിസ്ഥാന ആവശ്യങ്ങളായ ഭൂമി, പാർപ്പിടം, കുടിവെള്ളം, ശുചിത്വസംവിധാനം, വൈദ്യുതി, വിദ്യാഭ്യാസം, നൈപുണി വികസനം എന്നീ വികസന ആവശ്യങ്ങളും കൗൺസിലിംഗിലൂടെ ഗുണഭോക്താക്കളുടെ മാനുഷിക ആവശ്യങ്ങളും നിറവേറ്റപ്പെടും. മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് നടത്തിയ സർവ്വേ പ്രകാരം 168673 അഗതി കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ട്.

നാളിതുവരെ 957 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

| DFK approval status | | | | | |
|---|---|---|---|---|---|
| **Sl.No** | **District** | **Total DPR (GEN)** | **Approved (GEN)** | **Total DPR (ST)** | **Approved (ST)** |
| 1 | Thiruvanathapuram | **78** | **69** | **5** | **0** |
| 2 | Kollam | **73** | **69** | **5** | **0** |
| 3 | Pathanamthitta | **57** | **50** | **6** | **4** |
| 4 | Alappuzha | **78** | **74** | **0** | **0** |
| 5 | Kottayam | **77** | **73** | **13** | **0** |
| 6 | Idukki | **54** | **49** | **20** | **18** |
| 7 | Ernakulam | **96** | **81** | **3** | **0** |
| 8 | Thrissur | **94** | **82** | **7** | **0** |
| 9 | Palakkad | **95** | **94** | **22** | **18** |
| 10 | Malappuram | **106** | **102** | **11** | **0** |
| 11 | Kozhikkode | **78** | **68** | **10** | **0** |
| 12 | Wayanad | **26** | **26** | **26** | **26** |
| 13 | Kannur | **81** | **79** | **16** | **16** |
| 14 | Kasargode | **41** | **41** | **20** | **0** |
| **TOTAL** | | **1034** | **957** | **164** | **82** |

### ബഡ്സ് സ്ഥാപനങ്ങൾ

ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ വിദ്യാഭ്യാസവും പുനരധിവാസവും ലക്ഷ്യമിട്ടുകൊണ്ടാണ് കുടുംബശ്രീയുടെ മേൽനോട്ടത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ ബഡ്സ് സ്ഥാപനങ്ങൾ ആരംഭിച്ചത്. കേരളത്തിൽ നിലവിൽ 253 സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. 2019–20 സാമ്പത്തിക വർഷത്തിൽ 129 സ്ഥാപനങ്ങൾ കൂടി പ്രവർത്തന സജ്ജമാകും.

| BUDS Institution in Districts | | | | | |
|---|---|---|---|---|---|
| **Sl.No** | **District** | **No. of BUDS Institutions existing (182)** | **No. of newly started BUDS Institutions** | **Total** | **No. of Children enrolled** |
| 1 | Thiruvanathapuram | **31** | **4** | **35** | **871** |
| 2 | Kollam | **15** | **6** | **21** | **316** |
| 3 | Pathanamthitta | **3** | **2** | **5** | **102** |
| 4 | Alappuzha | **16** | **3** | **19** | **1126** |
| 5 | Kottayam | **1** | **1** | **2** | **42** |
| 6 | Idukki | **2** | **0** | **2** | **216** |
| 7 | Ernakulam | **28** | **3** | **31** | **1063** |
| 8 | Thrissur | **8** | **3** | **11** | **308** |
| 9 | Palakkad | **8** | **12** | **20** | **362** |
| 10 | Malappuram | **16** | **18** | **34** | **785** |
| 11 | Kozhikkode | **22** | **13** | **35** | **783** |
| 12 | Wayanad | **3** | **3** | **6** | **124** |
| 13 | Kannur | **20** | **3** | **23** | **791** |
| 14 | Kasargode | **9** | **0** | **9** | **504** |
| **TOTAL** | | **182** | **71** | **253** | **7393** |

ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി SCERTയുമായി ചേർന്ന് പ്രത്യേക പഠ്യപദ്ധതി തയ്യാറാക്കുകയും അതിൽ അധ്യാപകർക്ക് പരിശീലനം ലഭ്യമാക്കുകയും

ചെയ്യുന്നു. ഈ മേഖലയിൽ സേവനം അനുഷ്ഠിക്കുന്ന അധ്യാപകർക്കും ആയമാർക്കും ആവശ്യമായ മറ്റ് പരിശീലനങ്ങളും നൽകിവരുന്നു.

ബഡ്സ് സ്ഥാപനങ്ങളിൽ എത്തുന്ന കുട്ടികൾക്കും അമ്മമാർക്കുമായി ഉപജീവന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനായി സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ സഹായങ്ങൾ നൽകുന്നു.

ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി ഏർപ്പെടുത്തിയിരിക്കുന്ന നിരാമയ ഇൻഷുറൻസ് പദ്ധതിയിൽ ബഡ്സിലെ എല്ലാ അംഗങ്ങൾക്കും ഈ വർഷവും അംഗത്വം പുതുക്കി നൽകും.

ബഡ്സ് സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തുന്നതിനാവശ്യമായി പ്രാദേശിക സഹകരണത്തോടെയുള്ള നടപടികൾ ഈ വർഷം കൈക്കൊള്ളും. ബഡ്സിലെ അംഗങ്ങളുടെ കലാപരമായ കഴിവുകളെ വികസിപ്പിക്കുന്നതിനായി ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ബഡ്സ് കലോത്സവങ്ങൾ സംഘടിപ്പിക്കുന്നു. കുട്ടികളുടെ മാനസികവും ശാരീരികവുമായ ഉല്ലാസത്തിനായി ബഡ്സ് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സജ്ഞീവനി-അഗ്രി തെറാപ്പി എന്ന പേരിൽ പഴം/പച്ചക്കറി കൃഷി നടത്തുന്നു.

**ബാലസഭ**

തലമുറയിൽ നിന്ന് തലമുറയിലേയ്ക്കുള്ള ദാരിദ്ര്യ കൈമാറ്റം തടയുവാനും സംഘബോധം, ക്രിയാത്മകത എന്നിവയിലൂടെ സാമൂഹിക ഉത്തരവാദിത്വമുള്ള ഒരു സമൂഹസൃഷ്ടി ലക്ഷ്യം വച്ച് പ്രവർത്തിക്കുന്ന കുട്ടികളുടെ സംഘമാണ് ബാലസഭ. തദ്ദേസ സ്വയംഭരണ സ്ഥാപന തലത്തിൽ കുടുംബശ്രീ സംഘടനാ സംവിധാനത്തോടുകൂടി ചേർന്ന് ത്രിതലങ്ങളിലായാണ് ബാലസഭകൾ പ്രവർത്തിക്കുന്നത്. 5 മുതൽ 18 വസ്സുവരെയുള്ള 20 മുതൽ 30 കുട്ടികളാണ് ഒരു ബാലസഭയിൽ അംഗങ്ങളാകുന്നത്. നിലവിൽ ബാലസഭയിൽ അംഗങ്ങളാകത്തവരെയും ഉൾച്ചേർത്ത് അടിസ്ഥാന തലത്തിൽ സംഘടനാ സംവിധാനം ശക്തിപ്പെടുത്തുക എന്നത് ഈ വർഷത്തെ ഒരു പ്രധാന പ്രവർത്തനമാണ്. കുട്ടികളെ ഇതിലേയ്ക്ക് ആകർഷിക്കുന്ന ക്രിയാത്മക പ്രവർത്തിയാണ് ഹരിത കേരള മിഷനുമായി ചേർന്ന് വാർഡ് തലത്തിൽ നടത്തപ്പെടുന്ന ജാഗ്രതോത്സവം - പെൻസിൻ ക്യാമ്പയിൻ ഇതിനുപുറമേ അവധിക്കാല പ്രവർത്തനങ്ങളായ കലാ-കായിക പരിപോഷണം, പ്രാദേശിക പ്രാധാന്യമുള്ളതും എന്നാൽ അന്യം നിന്നുപോകുന്നതുമായ സംസ്ക്കാരം പരിചയപ്പെടുത്തൽ, പ്രകൃതി സംരക്ഷണ പാഠങ്ങൾ, ജനാധിപത്യ പ്രക്രിയ പരിചയപ്പെടുത്തുന്ന

ബാല പാർലമെന്റ്, സീനിയർ വിഭാഗം കുട്ടികളെ ലക്ഷ്യം വച്ചുള്ള നൈപുണി പരിശീലനങ്ങൾ, വായനയും പുസ്തക പരിചയവും വളർത്തുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിപ്പിക്കുന്ന ലൈബ്രറികൾ എന്നിവ ഈ വർഷത്തെ പ്രധാന പ്രവർത്തനങ്ങളാണ്. ഈ പ്രവർത്തനങ്ങളിലും ഗുണഫലം സംസ്ഥാനത്തിലെ 430908 കുട്ടികൾക്കാണ് ലഭ്യമാകുന്നത്.

# ജെന്റർ പ്രവർത്തനങ്ങൾ

## ലക്ഷ്യം 1

സ്ത്രീപദവി സ്വയം പഠനത്തിലൂടെ സുസ്ഥിരവും ജാനധിപത്യപരവുമായ കുടുംബം സൃഷ്ടിക്കുക, സ്ത്രീകളുടെ സാമൂഹ്യ ഇടപെടൽ ശേഷി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്നു.

**പദ്ധതിയുടെ പേര്**

1. **സ്ത്രീ പദവി സ്വയം പഠന പ്രക്രിയ:** ലിംഗപദവി അസമത്വങ്ങളെ കൂടുതൽ ആഴത്തിൽ ജീവിതാനുഭവങ്ങളിലൂടെ പരിശോധിക്കുന്നതിനും, അതിലൂടെ നീതി പൂർവ്വമായ ഒരു സാമൂഹ്യ നിർമ്മിതിയ്ക്ക് സഹായിക്കുകയും ചെയ്യുന്നതിനായി അയൽക്കൂട്ടാംഗങ്ങളെയും അവരുടെ കുടുംബങ്ങളെയും പ്രാപ്തരാക്കുക. സ്വയം പഠന പ്രവർത്തിനത്തിലൂടെ സുസ്ഥിരവും ജനാധിപത്യപരവുമായ കുടുംബവും പ്രദേശവും സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടി 2.8 ലക്ഷം അയൽക്കൂട്ട ഫെസിലിറ്റേറ്റർമാരുടെ നേതൃത്വത്തിൽ മുഴുവൻ അയൽക്കൂട്ടങ്ങളിലും പഠന പ്രവർത്തനം 14 ജില്ലകളിൽ നിന്നുമായി പ്രത്യേകം പരിശീലനം ലഭിച്ച 300 ജില്ലാതല ഫെസിലിറ്റേറ്റർമാർ ഇതിനു നേതൃത്വം നൽകും.

2. **വൾനറബിലിറ്റി മാപ്പിംഗ്:** ജെന്റർ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ മേഖലകളിൽ നിലനിൽക്കുന്ന അരഷിതാവസ്ഥ എന്തെല്ലാം എന്നും ഇത് സമൂഹത്തെ പ്രത്യേകിച്ച് സ്ത്രീകളെ എങ്ങനെ ബാധിക്കുന്നു എന്നും കത്തെുന്നതിനുള്ള പ്രവർത്തന പദ്ധതിയാണ് വൾനറബിലിറ്റി മാപ്പിംഗ്. തിരഞ്ഞെടുത്ത 28 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തനം നടപ്പിലാക്കും. കത്തെിയ അരക്ഷിതാവസ്ഥ ഇല്ലാതാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ പദ്ധതികൾ നടപ്പാക്കും.

3. **രംഗശ്രീ:** വിവിധ മേഖലകളെ കേന്ദ്രീകരിച്ച് സന്ദേശം സമൂഹത്തിൽ എത്തിക്കുന്നതിനായി 14 ജില്ലകളിലും നിലവിലുള്ള തിയറ്റർ ഗ്രൂപ്പിന്റെ വിവിധ വകുപ്പുകളുടെസഹായത്തോടെവ്യാപിപ്പിക്കും.കലാപ്രവർത്തനത്തെ ഉപജീവനത്തിനായി ഉപയോഗിക്കുന്നതിനായി സ്ത്രീകളുടെ നേതൃത്വത്തിൽ വിവിധ സംരംഭ പ്രവർത്തനങ്ങൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ നടത്തി വരുന്നു.

**ലക്ഷ്യം 5**

വിവിധ കാരണങ്ങളാൽ ഒറ്റപ്പെട്ടു കഴിയുന്നവർക്ക് അവരുടെ ഒറ്റപ്പെടീൽ അവസാനിപ്പിക്കുന്നതിനും സമൂഹം കൂടെയു് എന്ന് ബോധ്യപ്പെടുത്തുന്നതിനുമായി നടപ്പിലാക്കുന്ന പദ്ധതി. അയൽക്കൂട്ടങ്ങളുടെ സാമൂഹ്യ ഉത്തരവാദിത്തം നിറവേറ്റുന്നതിനുള്ള അവസരം സൃഷ്ടിക്കുക എന്നതും ഈ പരിപാടിയുടെ ലക്ഷ്യമാണ്.

4. **സ്നേഹിത കോളിംഗ് ബെൽ:** ആരും പിന്തുണക്കാനില്ലാത്ത സമൂഹ ത്തിൽ ഒറ്റപ്പെട്ടു താമസിക്കുന്നവരേയും മുതിർന്ന പൗരൻമാരെയും ശ്രദ്ധയും പരിചരണവും ആവശ്യമുള്ളവരുമായ 56687 വ്യക്തികളെ കേരള ത്തിലെ 14 ജില്ലകളിൽ നിന്നുമായി കത്തെിയിട്ടു്. ഇവരുടെ സാമൂഹികമായ ഒറ്റപ്പെടീൽ ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ ഇവരുടെ ആവശ്യങ്ങൾക്ക നുസൃതമായ സഹായവും പിന്തുണയും വിവിധ വകുപ്പുകളുടേയും സ്ഥാപനങ്ങളുടേയും സഹകരണത്തോടെ നല്കുക, എന്നത് 2019-20 ൽ സ്നേഹിത കോളിംഗ് ബെൽ പദ്ധതിയുടെ ഒരു പ്രധാന ലക്ഷ്യമാണ്.

**ലക്ഷ്യം 6**

5. **സ്നേഹിത ഹെല്പ് ഡെസ്ക്ക്:** സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷി തമായ സാമൂഹ്യയിടം സൃഷ്ടിക്കാനും ഉപജീവനത്തിനും അതിജീവന ത്തിനും ഉതകുന്ന തരത്തിൽ പിന്തുണ നൽകുന്നതിനും ഏതെങ്കിലും തര ത്തിൽ അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്കു അടിയന്തിര സഹാ യവും പിന്തുണയും നൽകാൻ സാധ്യമാക്കുന്ന കേന്ദ്രം എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നു. നാളിതുവരെ 18133 കേസുകളിൽ 14 ജില്ലകളിലുമായി ഇടപെട്ടിട്ടുണ്ട്. സ്നേഹിതയുടെ പ്രവർത്തനങ്ങളെ കൂടുതൽ വ്യാപിപ്പി ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ 2019-20 സാമ്പത്തിക വർഷം നടപ്പിലാ ക്കും.

**ലക്ഷ്യം 7**

സ്ത്രീകളും കുട്ടികളും നേരിടുന്ന പ്രശ്നങ്ങൾ കേൾക്കുന്നതിനും പ്രശ്ന പരിഹാരത്തിന് അവരെ സ്വയം പ്രാപ്തരാക്കുന്നതിനുമായി നടപ്പിലാക്കുന്ന പദ്ധതി.

6. **കുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസിലിംഗ്:** സമൂഹത്തിൽ ഒറ്റപ്പെട്ടവരും വിവിധ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നവരും, ചൂഷണങ്ങൾക്കും അതിക്രമങ്ങൾക്കും വിധേയവരുമായ സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ മാനസിക പിന്തുണയും കൈത്താങ്ങും നൽകുക എന്ന ലക്ഷ്യത്തോടെയാണ് 2015 ൽ കുടുംബശ്രീ കമ്മ്യൂണിറ്റി

കൗൺസിലർമാരെ തിരഞ്ഞെടുത്തു പരിശീലനം നൽകി വിന്യസിച്ചത്. ഇപ്പോൾ 350 കമ്മ്യൂണിറ്റി കൗൺസിലർമാരാണ് കേരളത്തിലുടനീളം സേവനം അനുഷ്ഠിക്കുന്നത്. കുടുംബശ്രീ അംഗങ്ങളായ വനിതകളിൽ നിന്നും വിദ്യാഭ്യാസ യോഗ്യതയുടേയും കുടുംബശ്രീ പ്രവർത്തന പരിചയത്തിന്റെയും അടിസ്ഥാനത്തിലാണ് നാം ജില്ലകളിൽ കമ്മ്യൂണിറ്റി കൗൺസിലർമാരെ തിരഞ്ഞെടുത്തത്.

**കമ്മ്യൂണിറ്റി കൗൺസിലേഴ്സിന്റെ പ്രാപ്തി വർദ്ധനവിനാണ് ഈ വർഷം മുൻഗണന കൊടുക്കുന്നത്. കിലയുടെ സഹായത്തോടെ ഇവർക്കായി കമ്മ്യൂണിറ്റി മെന്ററിംഗിൽ പ്രത്യേക ഡിപ്ലോമ കോഴ്സ് നടപ്പാക്കും. കൂടാതെ വ്യത്യസ്ഥങ്ങളായ മേഖലകളിൽ ഇവരുടെ സേവനം ലഭ്യമാക്കും.**

7. **വിജിലന്റ് ഗ്രൂപ്പ്:** സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങളെ തടയുന്നതിനും അടിയന്തിര ഘട്ടങ്ങളിൽ വേ ഇടപെടലുകൽ നടത്തുന്നതിനുമായി കേരളത്തിലെ 17,000 ത്തിലധികം വാർഡുകളിൽ രൂപീകരിച്ചിട്ടുള്ള സന്നദ്ധ പ്രവർത്തകരുടെ കൂട്ടായ്മയാണ് വിജിലന്റ് ഗ്രൂപ്പ്. 2019 –20 വർഷം ഇവരുടെ പ്രാപ്തി വർദ്ധനവിനും നിയമ സഹായ സംഘമായി ഇവരെ മാറ്റുന്നതിനും വേ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

**ലക്ഷ്യം– 8**

## ജെൻഡർ റിസോഴ്സ് സെന്റർ

സ്ത്രീകളുടേയും കുട്ടികളുടേയും പ്രാദേശികമായ തന്ത്രപരമായ ആവശ്യങ്ങൾ (Strategic gender need) തിരിച്ചറിയുന്നതിനും അത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾചേർത്തുകൊ് നടപ്പിലാക്കുന്നതിനും ലക്ഷ്യമിട്ടുകൊാണ് പഞ്ചായത്തുതലത്തിൽ ജെൻഡർ റിസോഴ്സ് സെന്റർ എന്ന ആശയം രൂപീകരിച്ച് നടപ്പിലാക്കിയത്.

**സംസ്ഥാനത്ത് നിലവിൽ 365 ജി ആർ സികൾ പ്രവർത്തിയ്ക്കുന്നു. 2019 – 20 സാമ്പത്തിക വർഷം 500 പുതിയ ജി ആർ സികൾ ക്കൂടി ആരംഭിയ്ക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.**

## എൻ.യു.എൽ.എം.

1. നഗരപ്രദേശങ്ങളിൽ അർഹരായ 45000 നഗര ദരിദ്രരെ കുടുംബശ്രീ സംവിധാനത്തിലേയ്ക്ക് കൊണ്ടു വരും. (നിലവിൽ 48000 അയൽക്കൂട്ടങ്ങളിലായി 768000 കുടുംബങ്ങൾ കുടുംബശ്രീ സംവിധാനത്തിലുണ്ട്).

2. നഗര ദരിദ്രരായ 7000 യുവജനങ്ങൾക്ക് നൈപുണ്യ വികസന പരിശീലനം നൽകി വേതനാധിഷ്ഠിത തൊഴിൽ ലഭ്യമാക്കും. (നിലവിൽ 3899 വ്യക്തികൾക്ക് തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്).

3. നഗരപ്രദേശങ്ങളിൽ 1170 സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കും. (നിലവിൽ നഗരമേഖലയിൽ 4135 സംരംഭങ്ങളുണ്ട്). വ്യക്തിയൊന്നിന് 8000/- രൂപ വരുമാനം ഉറപ്പു വരുത്തി നഗരപ്രദേശങ്ങളിൽ 1170 സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കും. (നിലവിൽ നഗരമേഖലയിൽ 4135 സംരംഭങ്ങളുണ്ട്)

4. 6120 അയൽക്കൂട്ടങ്ങൾക്ക് ലിങ്കേജ് വായ്പ ലഭ്യമാക്കും.

5. 16 ഷെൽട്ടർ ഹോമുകൾ പ്രവർത്തന സജ്ജമാക്കും. (20 ഷെൽട്ടർ ഹോമുകൾ നിലവിൽ പ്രവർത്തനക്ഷമമാണ്).

6. 5 വെന്റിംഗ് മാർക്കറ്റുകൾ പൂർത്തീകരിക്കും.

7. കുടുംബശ്രീ ഉത്പന്നങ്ങളുടെ വിപണനത്തിന് നഗരപ്രദേശങ്ങളിൽ നാനോ മാർക്കറ്റ്, കുടുംബശ്രീ ഷോപ്പ്, ഫുഡ് കിയോസ്ക്ക്, ഭക്ഷ്യമേളകൾ എന്നിവ ആരംഭിക്കും.

8. നഗരമേഖലയിൽ എസ്.വി.ഇ.പി. മാതൃകയിൽ സംരംഭങ്ങൾ ആരംഭിക്കും. തെരഞ്ഞെടുത്ത 40 സിഡിഎസ്സുകളിലാണ് ആദ്യഘട്ട സംരംഭവികസനം. (25 ലക്ഷം രൂപ സി.ഇ.എഫ്. നൽകി നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ വിപുലപ്പെടുത്തുന്നതിനുള്ള സഹായം ലഭ്യമാക്കും).

9. കമ്മ്യൂണിറ്റി എന്റർപ്രൈസ് ഫണ്ട് (സി.ഇ.എഫ്.), എ.ഡി.എസ്സിനു ലഭ്യമാക്കുന്ന റിവോൾവിംഗ് ഫണ്ട് എന്നിവയുടെ വിതരണം, തിരിച്ചടവ് മോണിറ്റർ ചെയ്യുന്നതിന് സോഫ്റ്റ് വെയർ വികസിപ്പിച്ച് ഉപയുക്തമാക്കും.

## പ്രധാനമന്ത്രി ആവാസ് യോജന (നഗരം) – ലൈഫ് പദ്ധതി

**ലക്ഷ്യം–1** : നഗരപ്രദേശത്ത് സ്വന്തമായി സ്ഥലമുള്ള ഭവനരഹിതരായ 50,000 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കും.

സംസ്ഥാനത്ത് സ്വന്തമായി ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണത്തിനായി കേന്ദ്ര സർക്കാരിന്റെ അംഗീകാര ലഭിച്ച അർഹരായ 93211 ഗുണഭോക്താക്കളിൽ 59241 ഭവനങ്ങളുടെ നിർമ്മാണം ആരംഭിക്കുകയും 16841 ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

**ലക്ഷ്യം–2** : നഗര പ്രദേശത്തെ ഭൂരഹിത ഭവന രഹിതരായ 488 ഗുണഭോക്താക്കൾക്കായുള്ള ഭവന സമുച്ചയ നിർമ്മാണം പൂർത്തീകരിക്കും.

ഭൂരഹിത ഭവന രഹിതർക്ക് പാർപ്പിട സമുച്ചയം നിർമ്മിക്കുന്നതിനായി പെരിന്തൽമണ്ണ നഗരസഭയിൽ 400 ഗുണഭോക്താക്കൾക്കും ഗ്രേറ്റർ കൊച്ചിൻ ഡവല്പമെന്റ് അതോറിറ്റിയുടെ കീഴിൽ 88 ഗുണഭോക്താക്കൾക്കും അംഗീകാരം ലഭിച്ചിരുന്നു. ഇതിൽ പെരിന്തൽമണ്ണ നഗരസഭയിൽ ഭവന സമുച്ചയ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

**ലക്ഷ്യം–3** : അംഗീകാരം ലഭിച്ച മുഴുവൻ ഗുണഭോക്താക്കളെയും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിൽ കാർഡ് ലഭ്യമാക്കി അർഹമായ തൊഴിൽ ദിനങ്ങൾ നൽകും.

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ നാളിതുവരെ 59,611 ഗുണഭോക്താക്കൾക്ക് തൊഴിൽ കാർഡ് ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

# ഡി.ഡി.യു.ജി.കെ.വൈ

1. 2019–2020 സാമ്പത്തിക വർഷം ഗ്രാമീണ മേഖലയിലെ 20000 യുവതീയുവാക്കൾക്ക് നൈപുണ്യ പരിശീലനം നൽകുകയും കുറഞ്ഞത് 15751 പേർക്ക് ജോലി ലഭ്യമാക്കുകയും ചെയ്യും.

**പദ്ധതിയിലൂടെ നാളിതുവരെ കൈവരിച്ച നേട്ടം**

| വർഷം | പരിശീലനം ആരംഭിച്ചവരുടെ എണ്ണം | പരിശീലനം പൂർത്തീകരിച്ചവരുടെ എണ്ണം | ജോലി ലഭ്യമായവരുടെ എണ്ണം |
|---|---|---|---|
| 2015–16 | 9607 | 4738 | 2446 |
| 2016–17 | 10722 | 11246 | 8233 |
| 2017–18 | 12998 | 10671 | 9195 |
| 2018–19 | 16277 | 13688 | 10963 |
| **ആകെ** | **49604** | **40343** | **30837** |

2. പദ്ധതിയുടെ ഭാഗമായി പ്രത്യേക പരിഗണന നൽകി അഗതി കുടുംബങ്ങളിലെ 300 യുവതീയുവാക്കൾക്കും പട്ടികവർഗ്ഗ വിഭാഗത്തിലെ 800 യുവതീയുവാക്കൾക്കും പട്ടികജാതിയിലെ 5200 യുവതീയുവാക്കൾക്കും 400 ഭിന്നശേഷിക്കാർക്കും നൈപുണ്യ പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നു.

| വിഭാഗം | പരിശീലനം ആരംഭിച്ചവരുടെ എണ്ണം | പരിശീലനം പൂർത്തീകരിച്ചവരുടെ എണ്ണം | ജോലി ലഭ്യമായവരുടെ എണ്ണം |
|---|---|---|---|
| ആശ്രയ/അഗതി | 762 | 428 | 332 |
| പട്ടിക വർഗ്ഗം | 3026 | 2344 | 1869 |
| പട്ടിക ജാതി | 12727 | 10312 | 7964 |
| ഭിന്നശേഷിക്കാർ | 417 | 385 | 138 |
| **ആകെ** | **16932** | **13469** | **10303** |

3. പദ്ധതിയിലൂടെ 2019-20 സാമ്പത്തിക വർഷത്തിൽ 7000 സ്ത്രീകൾക്ക് നൈപുണ്യ പരിശീലനം നൽകി ജോലി ലഭ്യമാക്കാൻ കുടുംബശ്രീ ഉദ്ദേശിക്കുന്നു.

| വിഭാഗം | പരിശീലനം ആരംഭിച്ചവരുടെ എണ്ണം | പരിശീലനം പൂർത്തീകരിച്ചവരുടെ എണ്ണം | ജോലി ലഭ്യമായവരുടെ എണ്ണം |
|---|---|---|---|
| സ്ത്രീകൾ | 28212 | 23113 | 17754 |

4. പദ്ധതിയിലൂടെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട 12000 യുവതീയുവാക്കൾക്ക് നൈപുണ്യ പരിശീലനം നൽകി 8400 പേർക്ക് ജോലി ലഭ്യമാക്കുന്നതാണ്.

| വിഭാഗം | പരിശീലനം ആരംഭിച്ചവരുടെ എണ്ണം | പരിശീലനം പൂർത്തീകരിച്ചവരുടെ എണ്ണം | ജോലി ലഭ്യമായവരുടെ എണ്ണം |
|---|---|---|---|
| ന്യൂനപക്ഷക്കാർ | 18526 | 14416 | 10358 |

5. തീരദേശത്തിലെ യുവതീയുവാക്കൾക്ക് നൈപുണ്യ പരിശീലനവും തൊഴിലും ലഭ്യമാക്കുന്നതിനായി 'സാഗർമാല' പദ്ധതി ആരംഭിക്കും. ആദ്യ ഘട്ടത്തിൽ 321 പേർക്ക് നൈപുണ്യ പരിശീലനം നൽകുന്നതാണ്.